ഈസ്റ്റ് എളേരി : മുത്തനടിത്തട്ട്, അയയ്ക്കാത്തട്ട്, നിരത്തുംതട്ട്, നെല്ലിക്കാമല, കുണ്ടാരം, എക്കൽ, വാഴിക്കാനം, കൂട്ടക്കുഴി.

പടന്ന : പൊയ്ത്തൂർ

തൃക്കരിപ്പൂർ, വലിയപ്പറമ്പ് : ഇവിടെ വൈദ്യുതീകരിക്കാത്ത കോളനികൾ ഇല്ല.

കയ്യൂർ-ചീമേനി : അത്തുങ്കി, കുപ്പമന, പൂത്താംകണ്ട്, ചാതുടുക്കം, പാംപിരിക്കാര, പനവും, ഇടക്കാനം, ചീമേനി, പയ്യറാട്ട്, ആനക്കല്ല്, ഇച്ചിത്തിടിൽ, മുണ്ട, മുളക്കോം, കിഴക്കേക്കര, കാലിച്ചാംപൊയിൽ, പുനിക്കുന്ന്.

മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ പട്ടികവർഗ്ഗ കോളനികൾ ഇല്ല.

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ്. എങ്കിലും ധനലഭ്യതക്കനുസരണമായി കോളനികൾ ഘട്ടംഘട്ടമായി വൈദ്യുതീകരിക്കുന്നതാണ്.

23 (1566) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളുടെ വൈദ്യുതീകരണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾപ്രദേശ വാസസ്ഥലങ്ങളിലുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വൈദ്യുതീകരണ പണികൾ പൂർത്തിയാക്കിയിട്ടുള്ള വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന പരിപാടിയനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം പ്രദേശത്തെ വീടുകൾക്കാണ് ഇപ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12,031 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) സ്ഥലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

24 (1567) കേരളോത്സവം

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. രാജു എബ്രഹാം :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവം സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സംസ്ഥാനത്തെ ഈ വർഷത്തെ കേരളോത്സവം എപ്പോൾ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷത്തെ കേരളോത്സവത്തോടനുബന്ധിച്ചുള്ള ജില്ലാ സംസ്ഥാനതല കലാകായിക മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് പ്രൈസ് മണി നൽകുന്നതിന് നടപടി സ്വീകരിച്ചുവോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ വർഷത്തെ "ദേശീയ യുവജനോത്സവം" കേരളത്തിൽ വച്ചു നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ;

(എഫ്) 'ദേശീയ യുവജനോത്സവി'ന്റെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എത്ര യെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഈ വർഷം സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സെപ്തംബർ മാസം നടത്തിക്കൊണ്ടിരിക്കുന്ന കേരളോത്സവം ഒക്ടോബർ 5-ന് പഞ്ചായത്തുതലത്തിൽ, ആരംഭിക്കുവാൻ തീരുമാനിച്ചു.

(ബി) വിവിധ തലങ്ങളിലുള്ള കേരളോത്സവം താഴെപ്പറയുന്ന തീയതികളിൽ നടത്താവുന്നതാണ്.

ഗ്രാമപഞ്ചായത്ത് തലം - ഒക്ടോബർ 5 മുതൽ 20 വരെ.

ബ്ളോക്ക് മുനിസിപ്പൽ തലം - ഒക്ടോബർ 25 മുതൽ നവംബർ 10 വരെ.

ജില്ലാതലം - നവംബർ 15 മുതൽ 25 വരെ.

സംസ്ഥാന തലം - ഡിസംബർ 10 മുതൽ 20 നകം.

(സി)&(ഡി) സംസ്ഥാന ജില്ലാ കേരളോത്സവത്തിൽ പങ്കെടുത്ത് 1,2,3 സ്ഥാനങ്ങളിൽ വരുന്നവർക്ക് പ്രൈസ് മണി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഇ) "ദേശീയ യുവ ഉൽസവം" കേരളത്തിന് അനുവദിക്കാമെന്ന് കേന്ദ്ര സ്പോർട്സ് - യുവജനകാര്യവകുപ്പു മന്ത്രിയും, കേരള യുവജനക്ഷേമ വകുപ്പുമന്ത്രിയും ഡൽഹിയിൽ വച്ച് നടത്തിയ ചർച്ചയിൽ സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധമായി കേന്ദ്ര സർക്കാരിന്റെ അനുമതി ഉത്തരവ് ലഭിച്ചിട്ടില്ല.

(എഫ്)ഉണ്ട്. ഇതിന്റെ നടത്തിപ്പിനായി മൊത്തം 3.50 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഇതിൽ പകുതി തുക കേന്ദ്ര സർക്കാർ തരുമെന്നാണ് പ്രതീക്ഷ.

25 (1568) ഒന്നാം ക്ളാസിൽ ചേരുന്ന വിദ്യാർത്ഥികൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly